ഭരണഭാഷ – മാതൃഭാഷ

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം

**dtekerala@gmail.com**

**0471 2561307**

<u>നടപടിക്രമം</u>

സാങ്കേതിക വിദ്യാഭ്യാസം – ജീവനക്കാര്യം - ശ്രീ ഷിജു എം, അസിസ്റ്റൻറ് പ്രൊഫസർ (ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ്), സർക്കാർ എഞ്ചിനീയറിങ് കോളേജ്, കോഴിക്കോട് - അനധികൃതമായി ജോലിക്കു ഹാജരാകാത്തിരിക്കുന്നതിന്റെ വെളിച്ചത്തിൽ കൈക്കൊണ്ട വകുപ്പ് തല അച്ചടക്ക നടപടികൾ തീർപ്പാക്കി സേവനത്തിൽ നിന്നും നീക്കം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ജീവനക്കാര്യം (എ5) വിഭാഗം

നം. **DTETVM/138154/2011-EA5** തിരുവനന്തപുരം, തീയതി : **16-12-2025**

---

വായന :-

1. **G.O. (Rt) No. 462/07/H.Edn** തീയതി **13.03.2007.**
2. **G.O. (Rt) No. 770/2012/H.Edn** തീയതി **18.04.2012.**
3. നടപടിക്രമം നമ്പർ **EA5/138154/11/DTE** തീയതി **11.01.2017.**
4. ഈ ഓഫീസിൽ നിന്നുള്ള **17.04.2023** ലെ **EA5/138154/11/DTE** നമ്പർ കത്ത്.
5. ഈ ഓഫീസിൽ നിന്നുള്ള **03.08.2023, 22.12.2023** തീയതികളിലെ **EA5/138154/11/DTE** കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും.
6. ഈ ഓഫീസിൽ നിന്നുള്ള **07.08.2024** ലെ **DTETVM/138154/2011-EA5** നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
7. റിലീസ് ഓർഡർ നമ്പർ **361/F2/2024/P&ARD** തീയതി **12.08.2024.**

<u>ഉത്തരവ്</u>

സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോഴിക്കോട് സർക്കാർ എഞ്ചിനീയറിങ് കോളേജിലെ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായി സേവനമനുഷ്ഠിച്ചു വന്നിരുന്ന ശ്രീ ഷിജു എം നു വായന **(1)** പ്രകാരം **26.03.2007** മുതൽ **5** വർഷത്തേക്ക് കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം **1 Appendix XII A** പ്രകാരം ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവായിരുന്നു. പ്രസ്തുത ശൂന്യവേതനാവധി കാലാവധി അവസാനിച്ച മുറക്ക് വായന **(2), (3)** പ്രകാരം യഥാക്രമം **27.03.2012** മുതൽ **5** വർഷത്തേക്കും **27.03.2017** മുതൽ **5** വർഷത്തേക്കും ശൂന്യവേതനാവധി കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം **1 Appendix XII A** യിലെ വ്യവസ്ഥകൾ പ്രകാരം ദീർഘിപ്പിച്ച് നല്കിയിരുന്നു.

ശ്രീ ഷിജു എം ശൂന്യവേതനാവധി അവസാനിച്ച് **27.03.2022** ൽ

ജോലിയിൽ തിരികെ പ്രവേശിക്കാത്ത സാഹചര്യത്തിൽ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനായി ഈ ഓഫീസിൽ അടിയന്തിരമായി റിപ്പോർട്ട് ചെയ്യണമെന്ന് വായന (4) പ്രകാരം സ്ഥാപനമേധാവി മുഖാന്തിരം ടിയാന് നിർദ്ദേശം നല്കിയിരുന്നു.

പ്രസ്തുത നിർദ്ദേശത്തിന് ശേഷവും ടിയാൻറെ ഭാഗത്ത് നിന്നും യാതൊരു മറുപടിയും ലഭിക്കാത്ത സാഹചര്യത്തിൽ, സർക്കാർ ജീവനക്കാരുടെ പെരുമാറ്റവുമായി ബന്ധപ്പെട്ട് നിലവിലുള്ള ചട്ടങ്ങൾക്കും മാർഗ്ഗനിർദേശങ്ങൾക്കും വിരുദ്ധമായി പ്രവൃത്തിച്ച് അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്ന ടിയാനെതിരെ കേരളാ സർവീസ് ചട്ടങ്ങളിലെ ഭാഗം 1 Appendix XII A യിലെ ചട്ടം 9 ൽ നിഷ്കർഷിക്കും പ്രകാരം 1960 ലെ കേരളാ സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം 15 ലെ വ്യവസ്ഥകൾ പ്രകാരമുള്ള കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും വായന (5) പ്രകാരം നൽകിയെങ്കിലും ടിയാൻറെ ഭാഗത്ത് നിന്നും യാതൊരു മറുപടിയും ലഭിക്കുകയുണ്ടായില്ല.

ശ്രീ ഷിജു എം നെതിരെ കൈക്കൊണ്ട അച്ചടക്ക നടപടികൾ വിശദമായി പരിശോധിക്കുകയും ടിയാൻറെ അനധികൃതമായ ഹാജരില്ലായ്മയുമായി ബന്ധപ്പെട്ട് നല്കിയിരുന്ന കുറ്റാരോപണ മെമ്മോക്കും കുറ്റാരോപണ പത്രികക്കും ടിയാൻറെ ഭാഗത്ത് നിന്നും യാതൊരു പ്രതികരണവും ലഭിക്കാത്ത സാഹചര്യത്തിൽ ടിയാനെതിരെ കൈക്കൊണ്ട വകുപ്പുതല അച്ചടക്ക നടപടികളുടെ ഭാഗമായി ടിയാനെ സർവീസിൽ നിന്നും നീക്കം ചെയ്യാതിരിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടെങ്കിൽ അത് ബോധിപ്പിക്കുവാൻ വായന (6) പ്രകാരം ആവശ്യപ്പെട്ടുകൊണ്ടുള്ള കാരണം കാണിക്കൽ നോട്ടീസ് വായന (7) പ്രകാരം മലയാള മനോരമ, സുപ്രഭാതം എന്നീ പത്രമാധ്യമങ്ങൾ മുഖാന്തിരം പ്രസിദ്ധീകരിച്ചുവെങ്കിലും ആയതിനും ടിയാൻറെ ഭാഗത്ത് നിന്നും യാതൊരു പ്രതികരണവും ലഭിക്കുകയുണ്ടായില്ല.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ അധ്യാപനവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന സർക്കാർ ജീവനക്കാരൻ എന്ന നിലയിൽ വിദ്യാർത്ഥികൾക്ക് അറിവും മാതൃകാപരമായ പെരുമാറ്റശീലവും പ്രദാനം ചെയ്യേണ്ട ശ്രീ ഷിജു എം ൻറെ ഭാഗത്ത് നിന്നും സംഭവിച്ച ഗുരുതരമായ അച്ചടക്ക ലംഘനവും കൃത്യവിലോപവും ഒരു തരത്തിലും ലഘൂകരിച്ച് കാണുവാൻ സാധിക്കാത്ത പശ്ചാത്തലത്തിൽ ടിയാനെതിരെയുള്ള വകുപ്പ് തല അച്ചടക്ക നടപടികൾ 1960 ലെ കേരളാ സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിൽ നിഷ്കർഷിക്കും പ്രകാരം സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതിനായി തീരുമാനം കൈക്കൊണ്ടിരിക്കുന്നു.

മേൽ വിവരിച്ച സാഹചര്യത്തിൽ, സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോഴിക്കോട് സർക്കാർ എഞ്ചിനീയറിങ് കോളേജിൽ ഇലക്ട്രോണിക്സ് &

കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ് വിഭാഗം അസിസ്റ്റൻറ് പ്രൊഫസറായി സേവനമനുഷ്ഠിച്ച് വരവേ കേരളാ സർവീസ് ചട്ടങ്ങൾ ഭാഗം **1 Appendix XII A** പ്രകാരം ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും അവധി കലാവധിക്ക് ശേഷവും അനധികൃതമായി ജോലിയിൽ തിരികെ പ്രവേശിക്കാതിരിക്കുകയും ചെയ്യുന്ന ശ്രീ ഷിജു എം നെ **1960** ലെ കേരളാ സിവിൽ സർവീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളിലെ ചട്ടം **15(12)(i)** ലെയും ചട്ടം **11(1)(vii)** ലെയും വ്യവസ്ഥകൾ പ്രകാരം ഉടൻ പ്രാബല്യത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

മേൽ പ്രകാരം ശ്രീ ഷിജു എം നെതിരെയുള്ള അച്ചടക്ക നടപടികൾ തീർപ്പാക്കിയിരിക്കുന്നു.

**JAYAPRAKASH P**

**DIRECTOR**

സ്വീകർത്താവ്,

1. ശ്രീ ഷിജു എം, അസിസ്റ്റൻറ് പ്രൊഫസർ ഇൻ ഇലക്ട്രോണിക്സ് & കമ്മ്യൂണിക്കേഷൻ എഞ്ചിനീയറിങ് (ശൂന്യവേതനാവധിക്ക് ശേഷവും അനധികൃതമായി ജോലിയിൽ തിരികെ തിരികെ പ്രവേശിച്ചിട്ടില്ലാത്ത), സർക്കാർ എഞ്ചിനീയറിങ് കോളേജ്, കോഴിക്കോട്.
2. പ്രിൻസിപ്പാൾ, സർക്കാർ എഞ്ചിനീയറിങ് കോളേജ്, കോഴിക്കോട്.
3. അക്കൌണ്ടൻറ് ജനറൽ (എ&ഇ) കേരളാ, തിരുവനന്തപുരം.
4. ഐ ടി ഡിവിഷൻ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

Signed by
Jayaprakash P
Date: 17-12-2025 11:05:56